ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ആ തുക നീക്കിവച്ചു. അതുപോലെ വ്യക്തമായ ഒരു സമീപനം നിങ്ങൾക്ക് പ്രഖ്യാപിക്കാൻ സാധിച്ചോ? കേന്ദ്ര സഹായത്തോടെ ഒരു പാക്കേജ് പ്രഖ്യാപിക്കുമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. പ്രശ്നങ്ങൾ പരിഹരിക്കാൻ വ്യക്തമായൊരു സമീപനം കാർഷിക മേഖലയ്ക്കില്ല. അതുകൊണ്ട് ഇതിൽ കാണുന്ന നിങ്ങളുടെ സമീപനങ്ങളൊന്നും യാഥാർത്ഥ്യ ബുദ്ധിയോടുകൂടിയുള്ളതല്ല. ആത്മാർത്ഥമായ ഒരു നയം ഈ കാര്യത്തിൽ പ്രഖ്യാപിക്കാത്തതുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അതിശക്തമായി എതിർക്കുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ബഹുമാന്യനായ എസ്. ശർമ്മ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. എനിക്ക് സന്തോഷം തരുന്ന ഒരു വാക്കുമാത്രം ചൂണ്ടിക്കാണിക്കുകയാണ്. കുട്ടനാട് പാക്കേജിന് ഒരു പുത്തൻ ഉണർവ് നൽകുന്നതാണ്. അതിൽക്കൂടുതലൊന്നും ഈ ഗവൺമെന്റിന് പറയാൻ കഴിയില്ല. കാരണം ശ്രീ. ശരത് പവാറിന്റെ സഹായത്തോടെ 1,840 കോടി രൂപയും 300 കോടി രൂപയും കൂടി 2,140 കോടി രൂപയുടെ പദ്ധതി അനുവദിച്ച് ഇവിടെ കൊണ്ടുവന്നിട്ട് 400 കോടി രൂപ പോലും മുടക്കാൻ കഴിഞ്ഞ ഗവൺമെന്റിന് കഴിയാതെപോയി. അത് ഉദ്യോഗസ്ഥൻമാരുടെ

സഹകരണക്കുറവാണോ ഗവൺമെന്റിന്റെയാണോ ഇറിഗേഷനും കൃഷിയും കൈകാര്യം ചെയ്യുവരുടെ കുഴപ്പമാണോ. ഞാൻ ആ വിഷയത്തിൽ ആരെയും കുറ്റപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. കുട്ടനാടിന് ശാപമോക്ഷം നൽകുന്ന കുട്ടനാടിന്റെ ഒരു വലിയ സ്വപ്ന പദ്ധതിയാണ് തകർന്നുപോയത്. ഏതായാലും ഈ ഗവൺമെന്റിന് കുറേയെങ്കിലും ചെയ്യാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ രണ്ടുമൂന്ന് കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നെൽക്കൃഷിയെക്കുറിച്ച്, തരിശുഭൂമി നെൽക്കൃഷി ചെയ്യുമെന്ന് പറയുന്നു. നെൽക്കൃഷി നടക്കാത്ത സ്ഥലങ്ങളുണ്ട്. നെൽക്കൃഷിക്ക് വെള്ളം കയറ്റണം, ഇറക്കണം. കുട്ടനാടിൽ തലങ്ങനെയും വിലങ്ങനെയും റോഡുകൾ വന്ന് തരിശ്ശായി കിടക്കുന്ന ആയിരക്കണക്കിന് ഏക്കർ സ്ഥലമുണ്ട്. കൃഷി വകുപ്പുമന്ത്രി ഒരുപക്ഷേ മുറിയിലിരുന്ന് എന്റെ പ്രസംഗം കേൾക്കുന്നുണ്ടായിരിക്കും. കൃഷി ഭവൻ വഴി അതിന്റെ കണക്കെടുത്തിട്ട് പച്ചക്കറി കൃഷി ചെയ്യാൻ സാധിക്കും. അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ അവിടെ ചെയ്തുകൊടുത്താൽ മതി. കർഷകർ അതിന് തയ്യാറാണ്. കാരണം നെൽക്കൃഷി അവിടെ നടക്കുകയില്ല. കാരണം വെള്ളം കയറ്റാനും ഇറക്കാനുമുള്ള സൗകര്യമില്ല.

ഇവിടെ ശുചിത്വ മിഷനെക്കുറിച്ച് പറയുന്നു. മലമൂത്ര വിസർജ്ജനം വെളിമ്പ്രദേശത്ത് നടത്തുന്നതിനുള്ള ഒരു പരിഹാരം ഗവൺമെന്റ് ഏതായാലും പ്രഖ്യാപിച്ചിട്ടുണ്ട്. അത് നല്ല കാര്യമാണ്. എന്റെ മണ്ഡലത്തിൽ കക്കൂസിന് വേണ്ടിയുള്ള മൂവായിരം അപേക്ഷ എന്റെ കയ്യിലുണ്ട്. ആദ്യകാലത്തൊക്കെ എണ്ണം കുറവായതുകൊണ്ട് എന്റെ ഒരു ചാരിറ്റി ഫണ്ടിൽനിന്ന് ഞാനിത് വച്ചുകൊടുക്കുമായിരുന്നു. ഇന്ന് എണ്ണം കൂടിയപ്പോൾ അത് സാദ്ധ്യമല്ലാതെ വന്നിരിക്കുകയാണ്. ഇന്ന് സംസ്ഥാനം മുഴുവൻ നേരിടുന്ന ഒരു പ്രശ്നമാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയോ മറ്റ് സഹായത്തോടെയോ അത് ചെയ്യുന്നത് നല്ല കാര്യമാണ്. ഡോ. ടി. എം. തോമസ് ഐസക് അതിൽ സമർത്ഥനാണ്. അലാവുദ്ദീന്റെ അത്ഭുത വിളക്കുപോലെ ഉള്ള കാശുകൊണ്ടൊക്കെ കാര്യങ്ങൾ നടത്താൻ വളരെ സമർത്ഥനായ ഒരു ധനകാര്യ വകുപ്പുമന്ത്രി നമുക്കുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് ടൂറിസം നേരിടുന്നത് രണ്ട് പ്രശ്നങ്ങളാണ്. ഒന്ന്, ടൂറിസ്റ്റുകൾ നടന്നു പോകുന്ന വഴിയുടെ ഇരുവശത്തും കൂടിക്കിടക്കുന്ന ചപ്പുംചവറും കണ്ടിട്ട് ഇവർ അവരുടെ നാട്ടിൽ ചെന്ന് പറയും നിങ്ങളാരും കേരളത്തിലേയ്ക്ക് പോകരുത്,

ഏത് സമയത്താണ് പ്ലേഗ് രോഗം പിടിപെടുന്നതെന്ന് അറിയില്ല എന്ന്. അത്ര അപകടകരമാണ്. ഞാൻ പറയുന്നത്, വിവിധ ഘട്ടങ്ങളിലായി ഖരമാലിന്യസംസ്കരണത്തിന് മെഷിനറി ഉണ്ടാക്കുന്നതിൽ, പ്ലാന്റുകൾ ഉണ്ടാക്കുന്നതിൽ വിജയിച്ച സ്പെയിൻ പോലുള്ള ഒരുപാട് രാജ്യങ്ങൾ ലോകത്തുണ്ട്. അവിടെനിന്നും മെഷിനറി ഇറക്കി ആദ്യം നമ്മുടെ നഗരങ്ങളിലും പട്ടണങ്ങളിലും സ്ഥാപിക്കണം. അതുകഴിഞ്ഞു ഗ്രാമങ്ങളിൽ സ്ഥാപിക്കണം. കാരണം ഗ്രാമങ്ങളിൽ പറമ്പുള്ളതുകൊണ്ട് അവിടെ കൊണ്ടുപോയി കുഴിച്ചുമൂടാനെങ്കിലും അവസരമുണ്ട്. ഫ്ലാറ്റുകളിലൊക്കെ ജീവിക്കുന്നവരുടെ അവസ്ഥ ഒന്നാലോചിച്ചു നോക്കൂ. സന്ധ്യയാകുമ്പോൾ പതുക്കെ മാലിന്യം നിറച്ച ബാഗും ചുരുട്ടിയെടുത്ത് സ്കൂട്ടറിന്റെ സൈഡിലോട്ട് വച്ച് ഓടിച്ചുപോകും, ആളില്ലാത്തയിടത്തു ചെല്ലുമ്പോൾ ബാഗെടുത്ത് എറിഞ്ഞിട്ട് സ്പീഡിൽ വണ്ടിയോടിച്ചുപോകും. ഇതിനൊരു പരിഹാരം വേണ്ടേ? കഴിഞ്ഞ അഞ്ചുകൊല്ലമായി നമ്മൾ ഇത് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ടൂറിസ്റ്റുകളെ ഏറ്റവും കൂടുതൽ

ദുഃഖിപ്പിക്കുന്ന ഒരു കാര്യമാണ് കുന്നുകൂടി വഴിയോരത്തുകിടക്കുന്ന ചപ്പുംചവറും.

ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ ഇവിടെയിരിപ്പുണ്ട്. ഇവിടെ എല്ലാവരും പൊത്തിപ്പൊതിഞ്ഞു പറയുന്ന ഒരു വിഷയമുണ്ട്. അത് ഞാൻ തന്റേടമായിട്ട് ഉറക്കെ പറയാൻ പോകുകയാണ്. മദ്യനയത്തെ സംബന്ധിച്ച് നമ്മൾ പ്രത്യേകിച്ചൊന്നും പ്രഖ്യാപിച്ചില്ല. ഇലക്ഷൻ കാലത്ത് ബഹുമാന്യനായ രാഹുൽ ഗാന്ധിയെ കൊണ്ടുവന്ന് പ്രസംഗിപ്പിച്ചു, 'പിണറായി പറയണം പിണറായി പറയണം അടച്ച ബാറുകൾ തുറക്കുമോ?' എനിക്കത് കേട്ടപ്പോൾ ചിരി വന്നു. കാരണം ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് അടുത്ത വർഷം 70 വർഷമാകാൻ പോകുന്നു. 70 വർഷമായിട്ട് നിലനിന്നുപോന്ന ഒരു വ്യവസ്ഥിതി മൂന്നുനാല് ദിവസത്തെ വഴക്കുകൂടലിനുശേഷം ഇവർ നിർത്തിക്കളഞ്ഞിട്ട്, വീണ്ടും ഇത് തുറക്കുമോയെന്ന് ചോദിച്ചാൽ ഇതുവല്ലതും പഠിച്ചിട്ടാണോ നിർത്തിയത്? ഇത് പഠിച്ചിട്ടല്ലല്ലോ നിർത്തിയത്. ഞാൻ പലയിടത്തും പ്രസംഗിച്ചപ്പോൾ

രാഹുൽ ഗാന്ധിക്ക് ഇതിനുള്ള മറുപടി കൊടുത്തു - അങ്ങ് ഭരിക്കുന്ന സംസ്ഥാനമാണല്ലോ കർണ്ണാടകം. അവിടത്തെ ബാറുകളെല്ലാം അടഞ്ഞുകിടക്കുകയാണോ, എന്നു മാത്രമല്ല അമ്പലത്തിലെ ഉത്സവത്തിനും പള്ളിപ്പെരുന്നാളിനുംപോലെ വഴിനീളെ ബിവറേജസിന്റെ മുമ്പിലുള്ള ആളുകളെ നിങ്ങൾക്ക് കാണാം. ഇവരൊക്കെ വാങ്ങിക്കൊണ്ടു വരുന്ന സാധനം ഉത്പാദിപ്പിക്കുന്നത് എവിടെയാണ്? അതും അവിടെനിന്നല്ലേ ഇങ്ങോട്ടു വരുന്നത്; അവിടെ ഭരിക്കുന്നതും രാഹുൽ ഗാന്ധിയല്ലേ.

ഒരുകാര്യം ശ്രദ്ധിച്ചു കേട്ടോ. എന്റെ റിസോർട്ടിൽ ഇൻഡ്യൻ ബാർ കൗൺസിലിന്റെ ഒരു യോഗം നടന്നു. ഒരു സുപ്രീം കോടതി ജഡ്ജിയും നാല് ഹൈക്കോടതി ജഡ്ജിമാരും ഉണ്ടായിരുന്നു. ഗവർണ്ണർ റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം വന്നു കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. പിറ്റേദിവസം ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ വന്ന് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഉച്ച കഴിഞ്ഞ് മാണി സാർ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഞാനതിന്റെ ഉടമസ്ഥനായതുകൊണ്ട്

എന്നോട് രണ്ടു വാക്ക് സംസാരിക്കണമെന്ന് പറഞ്ഞു. ഞാനവിടെ ചെന്നപ്പോൾ നാല് ജഡ്ജിമാർ ഇരിക്കുന്നു. സുപ്രീം കോടതി ജഡ്ജി വേദിയിലിരിക്കുന്നു. കൂടാതെ മാണിസാറും അഡ്വക്കേറ്റ് ജനറലുമുണ്ട്. ഞാൻ പറഞ്ഞു ബഹുമാനപ്പെട്ട ജഡ്ജിമാരൊക്കെ ഇരിക്കുന്നതുകൊണ്ട് ഞാനൊരു കാര്യം പറയാം. അനേക വർഷങ്ങളായി ഈ സ്ഥാപനം ഞങ്ങൾ വിജയിപ്പിച്ച് നിലനിർത്തിയിരിക്കുന്നത് സൗത്ത് ഇൻഡ്യൻ നെഫ്രോളജി കോൺഫറൻസ്, സൗത്ത് ഇൻഡ്യൻ ന്യൂറോളജി കോൺഫറൻസ്, സൗത്ത് ഇൻഡ്യൻ കാർഡിയോളജി കോൺഫറൻസ് തുടങ്ങിയ കോൺഫറൻസുകളൊക്കെ നടത്തുന്നതുകൊണ്ടാണ്. കോൺഫറൻസിനുവരുന്ന ഡോക്ടർമാരെക്കൊണ്ട് റിസോർട്ടിലെ മുറിയെല്ലാം നിറയും. മുറിയില്ലാതെ വരുമ്പോൾ ഹൗസ് ബോട്ടിട്ട് മുറി കൊടുക്കും. അങ്ങനെ നടത്തിക്കൊണ്ടിരുന്ന സ്ഥാപനമാണ്. ഞാൻ ഇവരോട് ചോദിച്ചു ഇപ്പോൾ ഒരൊറ്റ കോൺഫറൻസും വരുന്നില്ല; എന്താണ് കാരണം? ഇത് എന്റെ മാത്രം അവസ്ഥയല്ല. സംസ്ഥാനത്തിന്റെ

മൊത്തം കാര്യമാണ്. ബഹുമാനപ്പെട്ട തോമസ് ഐസക് സാറേ അങ്ങ് ഈ വരുമാനത്തെക്കുറിച്ച് പഠിക്കണം. ഈ നിയമം ഇവർ കൊണ്ടുവന്നതിൽപ്പിന്നെ ബാറിൽനിന്ന് കിട്ടുന്ന 25 ലക്ഷം മാത്രമല്ല, മുറി വാടകയ്ക്ക് നൽകുന്നതുവഴി ഞങ്ങൾക്ക് കിട്ടുന്ന വരുമാനത്തിന്റെ 15% വരെ അങ്ങ് ലക്ഷ്വറി ടാക്സായി വാങ്ങുന്നില്ലേ; അവിടെ ഫുഡ് കൊടുക്കുന്നതിന്റെ 15% ടാക്സ് വാങ്ങുന്നില്ലേ. സംസ്ഥാനമൊട്ടാകെ ടൂറിസം തകർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇവരാരും പറയുന്നത് കേട്ട് ശ്രീ. ടി. പി. രാമകൃഷ്ണാ അങ്ങ് വിരളരുത്, ഈ വിഷയം പഠിക്കാൻ കമ്മിറ്റിയെ വച്ച് ആവശ്യമെങ്കിൽ ഈ കോൺഫറൻസുകൾ തിരിച്ചു കൊണ്ടുവരണം. ഇതെല്ലാം ഇപ്പോൾ പോണ്ടിച്ചേരി, ബാംഗ്ലൂർ, ശ്രീലങ്ക എന്നിവിടങ്ങളിലാണ് നടത്തുന്നത്. അതുകൊണ്ട് ഇതിനാവശ്യമായ നടപടികളെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. കെ. ശശി</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ